# പതിമൂന്നാം കേരള നിയമസഭ
## ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1058 13/12/2012-ലെ മറുപടിക്ക്

<u>കോഴിക്കോട് സർവ്വകലാശാലയുടെ ഭൂമി സ്വകാര്യ ട്രസ്റ്റുകൾക്ക് നൽകുന്നതിനുള്ള സിൻഡിക്കേറ്റ് തീരുമാനം</u>

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.റ്റി.എ. റഹിം | ശ്രീ. പി.കെ. അബ്ദു റബ്ബ് ( ബഹു. വിദ്യാഭ്യാസ വകുപ്പ് മന്ത്രി). |
| എ) കോഴിക്കോട് സർവ്വകലാശാലയുടെ ഭൂമി സ്വകാര്യ ട്രസ്റ്റുകൾക്ക് നൽകുന്നതിനുള്ള നിർദ്ദേശം സിൻഡിക്കേറ്റിന്റെ ഏത് തീയതിയിലെ യോഗത്തിലാണ് ചർച്ച ചെയ്ത തീരുമാനമെടുത്തതെന്ന വെളിപ്പെടുത്തുമോ; | എ) കോഴിക്കോട് സർവ്വകലാശാലയുടെ ഭൂമി സ്വകാര്യ ട്രസ്റ്റുകൾക്ക് നൽകാൻ സിൻഡിക്കേറ്റ് തീരുമാനമെടുത്തിട്ടില്ല. |
| ബി) പ്രസ്തുത സിൻഡിക്കേറ്റ് നോമിനേറ്റഡ് സിൻഡിക്കേറ്റായിരുന്നുവോയെന്ന് വ്യക്തമാക്കുമോ; | ബി) 21/09/2011 മുതൽ കോഴിക്കോട് സർവ്വകലാശാലയിൽ നോമിനേറ്റഡ് സിൻഡിക്കേറ്റാണ് പ്രവർത്തിക്കുന്നത്. |
| സി) പ്രസ്തുത സിൻഡിക്കേറ്റിലെ അംഗങ്ങൾ ആരെല്ലാമായിരുന്നുവെന്ന് വെളിപ്പെടുത്തുമോ; | സി) 1. ശ്രീ. ടി.വി. ഇബ്രാഹിം<br>2. ഡോ. ടി.പി. അഹമ്മദ്<br>3. അഡ്വ. ജി.സി. പ്രശാന്ത് കുമാർ<br>4. ശ്രീ. നവാസ്ജാൻ. എ<br>5. ശ്രീ. ആർ.എസ്. പണിക്കർ<br>6. അഡ്വ. പി.എം. നിയാസ്<br>7. ശ്രീ. കെ. ശിവരാമൻ<br>8. പ്രൊഫ. കെ.എം. വനജാക്ഷി<br>9. ശ്രീ. എബ്രഹാം.പി.മാത്യു<br>10. ഡോ. കെ.വി. ലാസർ<br>11. ഡോ. സൈനുൽ ആബിദ് കോട്ട<br>12. പ്രൊഫ. അബ്ദുൽ റഹിമാൻ<br>13. ശ്രീ. കെ.എ. സിറാജ്<br>14. ശ്രീ. അഷ്റഫ് അലി . ടി.പി. |

| | |
|---|---|
| ഡി) പ്രസ്തുത സിൻഡിക്കേറ്റിന്റെ കാലാവധി എന്നാണ് അവസാനിച്ചത്; | ഡി) 21/09/2012-ന് അവസാനിക്കേണ്ടിയിരുന്ന സിൻഡിക്കേറ്റിന്റെ കാലാവധി ഒരു വർഷത്തേക്കു കൂടി ബഹു. ചാൻസലർ ദീർഘിപ്പിച്ചു. |
| ഇ) പ്രസ്തുത അംഗങ്ങളെത്തന്നെ വീണ്ടും ഉൾപ്പെടുത്തി . സിൻഡിക്കേറ്റ് പുന:സംഘടിപ്പിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | ഇ) റിട്ടയർ ചെയ്ത പ്രൊഫ. കെ.എം. വനജാക്ഷിക്ക് പകരം പ്രൊഫ. കെ. ഗിരിജയെ ഉൾപ്പെടുത്തി സിൻഡിക്കേറ്റ് പുന:സംഘടിപ്പിച്ചു. |
| എഫ്) പ്രസ്തുത അംഗങ്ങളെ വീണ്ടും ഉൾപ്പെടുത്താനുണ്ടായ സാഹചര്യം എന്താണെന്ന് വെളിപ്പെടുത്തുമോ? | എഫ്) നാമനിർദ്ദേശം ചെയ്യപ്പെട്ട സിൻഡിക്കേറ്റിന്റെ കാലാവധി പൂർത്തിയാകുന്നതിന് മുൻപായി, തെരഞ്ഞെടുപ്പ് നടത്തി പുതിയ സിൻഡിക്കേറ്റ് രൂപീകരിക്കാൻ കഴിയാതിരുന്നതിനാലാണ് സിൻഡിക്കേറ്റിന്റെ കാലാവധി ദീർഘിപ്പിക്കേണ്ടി വന്നത് |

**സെക്ഷൻ ഓഫീസർ**